## (16) പ്ലസ് ടു വിദ്യാർത്ഥികൾ നേരിടുന്ന പ്രശ്നങ്ങൾ

ശ്രീ. പി. വിശ്വൻ : സർ, കേരളത്തിൽ 1,75,000-ത്തിലധികം വരുന്ന വിദ്യാർത്ഥികൾ പ്ലസ്ടുവിൽ പഠിക്കുന്നുണ്ട്. ഈ വിദ്യാർത്ഥികളിൽ നല്ലൊരു ശതമാനവും ഗവൺമെന്റ് സ്ഥാപനങ്ങളിലാണ് പഠിക്കുന്നത്. ഹയർ സെക്കന്ററി വിദ്യാർത്ഥികൾ നേരിടുന്ന ഗൗരവതരമായ ചില പ്രശ്നങ്ങൾ ബഹു.മന്ത്രിയുടെ മുമ്പിൽവയ്ക്കാൻ ഞാൻ ആഗ്രഹിക്കുകയാണ്. ആ പ്രശ്നങ്ങൾക്ക് പരിഹാരം കാണാൻ തയ്യാറാകേണ്ടതായിട്ടുണ്ട്. ഒന്ന്, അദ്ധ്യാപകരില്ലാത്ത പ്രശ്നം വളരെ ഗുരുതരമായി നിൽക്കുകയാണ്. ലാസ്റ്റ് ടേം വരാറായി. എന്നിട്ടും പല വിഷയങ്ങളും ആരംഭിച്ചുകഴിഞ്ഞിട്ടില്ല. ആവശ്യത്തിന് അദ്ധ്യാപകരെ ലഭിച്ചുകഴിഞ്ഞിട്ടില്ല. അതിലൊക്കെ ഹയർ സെക്കന്ററി അദ്ധ്യാപക നിയമനത്തിന് എല്ലാ വിഷയങ്ങൾക്കും പോസ്റ്റ് ഗ്രാഡുവേഷനും ബി.എഡും സെറ്റും ബാധകമാക്കാൻ സർക്കാർ തയ്യാറാകേണ്ടതായിട്ടുണ്ട്. അതുപോലെ ലാബ്, ആവശ്യമായ ക്ളാസ് റൂമുകൾ, ലൈബ്രറികൾ ഇതൊക്കെത്തന്നെ ഗവൺമെന്റ് സഹായത്തോടെ, ത്രിതല പഞ്ചായത്തിന്റെ സഹായത്തോടെ, വളരെവേഗം പൂർത്തിയാക്കാനുള്ള നടപടികൾ സർക്കാരിന്റെ ഭാഗത്തുനിന്ന് ഉണ്ടാകേണ്ടതായിട്ടുണ്ട്. മറ്റൊരു പ്രധാനപ്പെട്ട വിഷയം സ്വകാര്യപഠനം നടത്തുന്ന വിദ്യാർത്ഥികളെ സംബന്ധിച്ചാണ്. സ്റ്റേറ്റ് ഓപ്പൺ സ്കൂളിനെ സംബന്ധിച്ച് നിരവധി ജില്ലകളിൽ ഈ വിഷയം ഗൗരവതരമായി നിൽക്കുന്നു. സ്വകാര്യമായി പഠനം നടത്തേണ്ട വിദ്യാർത്ഥികൾക്ക് അവരുടെ രജിസ്ട്രേഷന്റെ കാര്യം പൂർണ്ണതയിലേക്ക് എത്തിക്കണം എന്നുള്ളതാണ് എനിക്ക് പറയാനുള്ളത്. മാത്രമല്ല, അവരുടെ ഫീസിനെ സംബന്ധിച്ച് ഗൗരവമായ ചർച്ച വന്നിട്ടുണ്ട്. അധികഭാരം എന്നുള്ള പ്രശ്നം വന്നിട്ടുണ്ട്. അത് കുറയ്ക്കേണ്ടതായിട്ടുള്ള നടപടികളും എടുക്കേണ്ടതായിട്ടുണ്ട്. പഠനോപകരണങ്ങൾ, നിർദ്ദേശം കൊടുക്കൽ, പരീക്ഷ എന്നിവയ്ക്കാവശ്യമായ ഉദ്യോഗസ്ഥൻമാരെ നിയമിക്കണം. ജില്ലാതല ഓഫീസർമാരുടെ പ്രവർത്തനവും അവരുടെ ശമ്പള മടക്കം ശക്തമാക്കാൻ സർക്കാർ മുന്നോട്ടുവരണമെന്നാണ് എനിക്ക് പറയാനുള്ളത്.

വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി (ശ്രീ. പി.ജെ. ജോസഫ്) : സർ, ഇപ്പോൾ കേരളത്തിൽ 931 ഹൈസ്കൂളുകളിൽ പ്ലസ് ടു സ്കൂൾ ഏർപ്പെടുത്തിയിട്ടുണ്ട്. ആകെ 1,74,380 സീറ്റുകൾ അനുവദിച്ചിട്ടുണ്ട്. അതിൽ 89,730 സീറ്റുകൾ ഈ വർഷമാണ് അനുവദിച്ചത്. പ്രീഡിഗ്രിയിൽനിന്നും 1,60,000 സീറ്റുകൾ ഡീലിങ്ക് ചെയ്തതാണ്. 1,74,380 സീറ്റുകൾ അനുവദിച്ചിട്ടുണ്ട്. ഇപ്പോൾ കിട്ടിയ റിപ്പോർട്ട് അനുസരിച്ച് 8,630 സീറ്റുകൾ വേക്കന്റാണ്. വിദ്യാർത്ഥികൾ എത്തിയിട്ടില്ല. കൂടുതലും ആർട്സ് വിഷയങ്ങൾക്കാണ്. 1,65,750 വിദ്യാർത്ഥികൾ ഇപ്പോൾ പ്ലസ്ടുവിൽ ചേർന്ന് പഠിക്കുന്നുണ്ട്. ഇത് കണക്കാക്കുമ്പോൾ ആറുപതിനായിരം സീറ്റുകൾ പ്രീഡിഗ്രിയ്ക്ക് ഉണ്ടായിരുന്നതിനേക്കാൾ അധികമായി വന്നിട്ടുണ്ട് എന്ന് കാണാൻ കഴിയും. ഗവൺമെന്റ് ഹയർ സെക്കന്ററി സ്കൂളുകളുടെ ലബോറട്ടറി, ലൈബ്രറി സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിന് ഈ വർഷം 5.2 കോടി രൂപ ലഭ്യമാക്കുന്നതിന് ഉത്തരവ് നൽകിയിട്ടുണ്ട്. ഇതിൽ 58 ലക്ഷം രൂപ ലൈബ്രറി പുസ്തകങ്ങൾ വാങ്ങുന്നതിനുവേണ്ടിയും 4.67 കോടി രൂപ ലബോറട്ടറി ഉപകരണങ്ങൾ വാങ്ങുന്നതിനും വേണ്ടിയാണ്. മുൻ വർഷങ്ങളിൽ അനുവദിച്ച തുകകൂടി കണക്കാക്കുമ്പോൾ ഇതോടെ സയൻസ് ബാച്ചുകളുള്ള 211 സ്കൂളുകൾ ഓരോന്നിനും ലബോറട്ടറി മെച്ചപ്പെടുത്തുന്നതിന് അനുവദിച്ച തുക മൂന്നര

LIBRARY ARCHIVES Kerala Legislative Assembly

ലക്ഷം രൂപയായിരുന്നു. ഗവൺമെന്റ് സ്കൂളുകളുടെ കാര്യമാണ് പറഞ്ഞത്. ഈ വർഷം അനുവദിച്ച സയൻസ് ബാച്ചുകളുള്ള സ്കൂളുകൾക്ക് ഓരോന്നിനും 1,60,400 രൂപ വീതം ലഭിക്കും. ലബോറട്ടറി ഉപകരണങ്ങൾ വാങ്ങുന്നതിനാണ്. പ്രാക്ടിക്കൽ രണ്ടാം വർഷമേ ആരംഭിക്കുകയുള്ളൂ എന്നുള്ളതും പ്രത്യേകം എടുത്തുപറയുകയാണ്. അദ്ധ്യാപകരുടെ കാര്യത്തിൽ, 98-99 വരെ ആകെ സൃഷ്ടിച്ചിട്ടുള്ള ഹയർ സെക്കന്ററി അദ്ധ്യാപകരുടെ തസ്തിക 7293 ആണ്. മറ്റു പോസ്റ്റുകളെ സംബന്ധിച്ച്, ഇപ്പോൾ ഗസ്റ്റ് ടീച്ചേഴ്സ് ആയിട്ടാണ് അവരെ നിയമിച്ചിട്ടുള്ളത്. സ്പെഷ്യൽ റൂൾസിന് ഇപ്പോൾ അവസാന രൂപം നൽകി പി.എസ്.സി.യുടെ അംഗീകാരത്തിനായി നൽകിയിരിക്കുകയാണ് പി.എസ്.സി.യ്ക്ക് അയച്ചുകൊടുത്തപ്പോൾ അവർ ചില കറക്ഷൻസ് ചോദിച്ചു. അതിന് മറുപടി അയച്ചു. ഒരു മാസത്തിനുള്ളിലെങ്കിലും ഈ സ്പെഷ്യൽ റൂൾസിന് അവസാന രൂപം ഉണ്ടാകും. അപ്പോൾ സ്ഥിരം നിയമനത്തിന് പി.എസ്.സി.വഴിയുള്ള നടപടികൾ സ്വീകരിക്കും. സുപ്രീം കോടതിയിൽ ഇതു സംബന്ധിച്ചുള്ള കേസുകൾക്ക് അവസാനരൂപം ഉണ്ടായി. അദ്ധ്യാപകനിയമനത്തെ സംബന്ധിച്ച്, ഗവൺമെന്റ് ഇതുവരെ നടത്തിയ നിയമനങ്ങൾ സാധൂകരിച്ചിട്ടുണ്ട്. ഭാവിയിൽ സ്പെഷ്യൽ റൂൾസിന്റെ അടിസ്ഥാനത്തിൽ നിയമനങ്ങൾ നടത്തുന്നതാണ്. സ്ഥിരം അദ്ധ്യാപകരെ നിയമിക്കുന്നതിന് തടസ്സമായി നിന്നത് സുപ്രീംകോടതിയുടെ ഇടപെടൽ ആയിരുന്നു. ഗവൺമെന്റ് എടുത്ത എല്ലാ നടപടികളും അംഗീകരിച്ചുകൊണ്ട് സുപ്രീം കോടതി ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. ഇപ്പോൾ ഈ പ്രൈവറ്റ് സ്കൂളുകളെ സംബന്ധിച്ച് പറയുകയാണെങ്കിൽ ബഹുഭൂരിപക്ഷം പ്രൈവറ്റ് സ്കൂളുകളിലും കെട്ടിടങ്ങൾ തീർന്നിട്ടുണ്ട്. ആദ്യം അനുവദിച്ച 500 സ്കൂളുകൾ വളരെ നല്ല നിലയിൽ തന്നെയാണ് നടക്കുന്നത്. ഈ വർഷം അനുവദിച്ച സ്കൂളുകളെ സംബന്ധിച്ച് ലബോറട്ടറി സൗകര്യങ്ങൾ രണ്ടാം വർഷം മാത്രമേ ആവശ്യമുള്ളൂ എന്നുള്ളതുകൊണ്ട് അതിനുള്ള നടപടികൾ- പി.ടി.എ. എല്ലാം വളരെ ഫലപ്രദമായി പ്രവർത്തിച്ചുകൊണ്ടിരിക്കുകയാണ്. വിദ്യാർത്ഥികൾക്ക് പഠിക്കാനുള്ള സൗകര്യം ഒരു വർഷം ഏതാണ്ട് ആറുപതിനായിരത്തോളം വർദ്ധിച്ചിരിക്കുന്ന ഈ പശ്ചാത്തലത്തിൽ 170 കോളേജുകളിലായി നടന്നുകൊണ്ടിരുന്ന കോഴ്സുകളാണ് ഇപ്പോൾ കേരളത്തിൽ 931 ഹൈസ്കൂളുകളിലായി നടക്കുന്നത്. ഗ്രാമപ്രദേശങ്ങളിലെ കുട്ടികൾക്കുപോയി പഠിക്കാനുള്ള സൗകര്യം വർദ്ധിച്ചിരിക്കുന്നു. ഈ സീറ്റുകളിൽ ബഹുഭൂരിപക്ഷവും സയൻസ് ബാച്ചുകളിലാണ് എന്നുള്ളതും പ്രത്യേകം എടുത്തുപറയേണ്ട കാര്യമാണ്. അതുകൊണ്ട് ബാക്കിയുള്ള പോസ്റ്റ്ക്രിയേഷന്റെ പ്രശ്നമെല്ലാം ഏറ്റവും വേഗം പരിഹരിക്കപ്പെടും.

### (17) ആലത്തൂർ മണ്ഡലത്തിലെ റോഡുകളുടെ ശോച്യാവസ്ഥ

<u>ശ്രീ. സി.കെ. രാജേന്ദ്രൻ</u> : സർ, സഞ്ചാരയോഗ്യമല്ലാത്തതായിത്തീർന്നിട്ടുള്ള എന്റെ മണ്ഡലത്തിലെ വളരെ പ്രധാനപ്പെട്ട മൂന്നു നാലു റോഡുകളുടെ പുനരുദ്ധാരണനടപടികൾ അടിയന്തിരമായി നടത്തണമെന്നാണ് എന്റെ ആവശ്യം. മുടപ്പല്ലൂർ-മംഗലം ഡാം മണപ്പാടം-കണ്ണമ്പ്ര, കുണ്ടുകാട്-ചിറ്റഴി, കുണ്ടുകാട്-മൂലംകോട്, കണിയമംഗലം-ചെറുകുന്നം തുടങ്ങിയ റോഡുകൾ, ഇതിൽ ഒന്നുരണ്ടു റോഡുകൾക്ക് ബഡ്ജറ്റിൽ പ്രൊവിഷൻ ഉള്ളതാണ്. അതിന്റെ പണി ആരംഭിച്ചിട്ടില്ല. ബസ്സുകൾ റൂട്ട് ക്യാൻസൽ ചെയ്യുന്നതുകൊണ്ടും ട്രിപ്പ് മുടക്കുന്നതുകൊണ്ടും വലിയ ബുദ്ധിമുട്ട് അവിടത്തെ ജന

LIBRARY ARCHIVES Kerala Legislative Assembly